**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 70** **07-06-2021 - ൽ മറുപടിയ്ക്ക്**

**യു.എ.പി.എ. കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ എത്രപേർക്കെതിരെ യു.എ.പി.എ. ചുമത്തി കേസെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ (25.05.2016 മുതൽ 19.05.2021 വരെ) 145 കേസുകളിൽ പോലീസ് യു.എ.പി.എ ചുമത്തിയിരുന്നു. എന്നാൽ യു.എ.പി.എ കേസിൽ അന്തിമ റിപ്പോർട്ട് കോടതിക്ക് മുൻപാകെ പോലീസിന് സമർപ്പിക്കണമെങ്കിൽ കേസിൽ പ്രതികൾക്കെതിരെ യു.എ.പി.എ നിയമത്തിലെ 45(1) (ii) പ്രകാരം സംസ്ഥാന സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുണ്ട്. ഇത്തരത്തിൽ അനുമതി നൽകുന്നത് പ്രസ്തുത നിയമത്തിലെ 45(2) വകുപ്പ് പ്രകാരം രൂപീകൃതമായ അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത 8 കേസുകളിൽ മാത്രമാണ് പ്രോസിക്യൂഷൻ അനുമതിക്കായി പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ളത്. ഇതിൽ 5 കേസുകളിൽ സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടില്ല. |
| (ബി) | യു.എ.പി.എ. ചുമത്തിയ കേസുകളിൽ ചിലത് പോലീസ് മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്ന പരാമർശം കോടതിയിൽ നിന്ന് ഉണ്ടായിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ പരാമർശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റായ രീതിയിൽ യു.എ.പി.എ. ചുമത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | (ബി) - പിരിവിലെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ